ഉത്തരം

(എ) സെയ്ഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ:

1. പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
2. പകർച്ചവ്യാധികളെ ഫലപ്രദമായി തടയുക.
3. പകർച്ചവ്യാധികൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക.
4. പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമ സഹായത്തോടെ നിയന്ത്രിക്കുക.
5. പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടേയും പങ്കും അവർ പാലിക്കേണ്ടുന്ന കടമകളും എന്തെന്നുള്ള ബോധവൽക്കരണം.
6. പരിസര ശുചീകരണം ഉറപ്പാക്കുക.

(ബി) ഉണ്ട്. രണ്ട് പ്രാവശ്യം സംസ്ഥാന വ്യപകമായി പരിശോധന നടത്തിയിട്ടുണ്ട് (22-7-2014, 23-5-2015).

(സി) രണ്ടു പ്രാവശ്യം നടത്തിയ പരിശോധന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

മോഡൽ ബ്ലഡ് ബാങ്കിലെ നിയമനം

24 (689) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിനെ 2010-ൽ മോഡൽ ബ്ലഡ് ബാങ്കായി ഉയർത്തിയപ്പോൾ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സർക്കാരുമായി ഉണ്ടാക്കിയ എം.ഒ.യു. പ്രകാരം ഏതെല്ലാം തസ്തികകൾ പുതുതായി ബ്ലഡ് ബാങ്കിൽ അനുവദിക്കാമെന്ന് പറഞ്ഞിരുന്നുവെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലും ബ്ലഡ് ബാങ്ക് റൂൾസിലും രക്ത ദാതാക്കളിൽ നിന്നും രക്തം ശേഖരിക്കുന്നതിന് ഉത്തരവാദിത്വം ഫ്ലിബോട്ടമിസ്റ്റിനാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ബ്ലഡ് ബാങ്കിൽ ഈ തസ്തികയിൽ ആളിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സർക്കാരുമായി ഉണ്ടാക്കിയ MoU പ്രകാരം മോഡൽ ബ്ലഡ് ബാങ്കിലെ സ്റ്റാഫ് പാറ്റേൺ ചുവടെ പറയുന്ന വിധമാണ്:

1.	Medical Director	- 1
2.	Administrative Assistant cum Data Entry Operator	- 1
3.	Propaganda Officer (MSW)	- 2
4.	Clerk cum Receptionist	- 2
5.	Medical Officers	- 3
6.	Technician for Donor Screening	- 1
7.	Nurse / Phlebotomist	- 3
8.	Component Lab Technicians	- 1
9.	Inf. Disease Lab Technician	- 9

Vacancies to be filled on contractual basis:

1.	Driver	- 1
2.	Attendants for Blood Collection	- 2
3.	Attendants for Laboratory	- 5

(ബി) മോഡൽ രക്ത ബാങ്കിലേക്കായി പ്രത്യേകമായി നിയമനങ്ങൾ നടത്തിയിട്ടില്ല.

(സി) രക്തം ശേഖരിക്കുന്ന വ്യക്തിയേയാണ് ഫ്ലിബോട്ടമിസ്റ്റ് എന്ന പറയുന്നത്.

Drugs and Cosmetic and (amendment) Rules 1997 " (Blood Bank Rules)" അനുസരിച്ച് രക്ത ബാങ്കിൽ രജിസ്റ്റേർഡ് നഴ്സുമാർ നിർബന്ധമായും

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ രേഖകളിലും നഴ്സ് ഫ്ലിബോട്ടമിസ്റ്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. നഴ്സുമാർതന്നെ ഫ്ലിബോട്ടമി ചെയ്യണമെന്ന് തന്നെയാണ് വാക്കാൽ അവർ ആവശ്യപ്പെടാറുള്ളത്. നഴ്സുമാരുടെ അഭാവത്തിൽ അവശ്യ ഘട്ടങ്ങളിൽ പരിശീലനം ലഭിച്ച യോഗ്യതയുള്ള ആർക്കും ഫ്ലിബോട്ടമി ചെയ്യാം.

സുകൃതം പദ്ധതി

25 (690) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ ചികിത്സ സൗജന്യമായി ചെയ്യുന്നതിന് സുകൃതം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സുകൃതം പദ്ധതിയിൽ ഉൾപ്പെടുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാൻസർ രോഗം കൊണ്ട് കഷ്ടപ്പെടുന്ന എല്ലാവരെയും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പ്രസ്തുത പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് 8 പ്രധാന ആശുപത്രികളിൽ കാൻസർ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി 2014 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും കാൻസർ രോഗചികിത്സയ്ക്ക് ഭാരിച്ച ചെലവ് വേണ്ടിവരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് കാൻസർ ചികിത്സ അപ്രാപ്യമാകുകയും കാൻസർ മരണ നിരക്ക് കൂട്ടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന എല്ലാ ജനങ്ങൾക്കും കാൻസർ ചികിത്സ സൗജന്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ

LIBRARY ARCHIVES Kerala Legislative Assembly